"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- NDMIS, NDEM എന്നീ പോർട്ടലുകൾ അപ്ഡേറ്റ് ചെയ്യുന്നതിനായി കുടുംബശ്രീ മുഖാന്തിരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം രണ്ട് മാസത്തേക്ക് കൂടി നീട്ടി നൽകുന്നതിന് ജില്ലാകളക്ടർമാർക്ക് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.510/2024/DMD തീയതി,തിരുവനന്തപുരം, 25-07-2024

പരാമർശം:- 1. സഉ(സാധാ) നം.164/2024/ഡിഎംഡി തീയതി 07/02/2024.

2. മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 15/06/2024 ലെ DM 11/682/2020/SEOC-KSDMA നമ്പർ കത്ത്.

**ഉത്തരവ്**

NDMIS, NDEM എന്നീ പോർട്ടലുകൾ അപ്ഡേറ്റ് ചെയ്യുന്നതിനായി കുടുംബശ്രീ മുഖാന്തിരം ദിവസ വേതനാടിസ്ഥാനത്തിൽ 3 മാസത്തേയ്ക്ക് ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

നിയമനം ലഭിച്ചവർ എല്ലാവരും തന്നെ 2024 മാർച്ച് അവസാനത്തോടുകൂടി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ ജോലിയിൽ പ്രവേശിക്കുകയും ഇവർക്കായുള്ള പരിശീലനം 12.04.2024-ന് നൽകിയിരുന്നുവെന്നും, എന്നാൽ ഏപ്രിൽ മെയ് മാസങ്ങളിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ പൂർണ്ണമായും പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലായതിനാൽ വിവരശേഖരണം വേണ്ട രീതിയിൽ സാധ്യമായിരുന്നില്ലായെന്നും, 2022-2023 സാമ്പത്തിക വർഷത്തിലെ ഡാറ്റാ എൻട്രി മിക്കവാറും എല്ലാ ജില്ലകളിലും പൂർത്തിയാക്കുകയുണ്ടായിയെന്നും സമാന്തരമായി 2023-2024 സാമ്പത്തിക വർഷത്തേക്കുള്ള വിവരശേഖരണവും നടന്നുകൊണ്ടിരിക്കുകയാണെന്നും മേൽ സാഹചര്യത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം രണ്ട് മാസത്തേക്ക് കൂടി നീട്ടി നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. NDMIS, NDEM എന്നീ പോർട്ടലുകൾ അപ്ഡേറ്റ് ചെയ്യുന്നതിനായി കുടുംബശ്രീ മുഖാന്തിരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം, ഇനി തുടർ സേവനം ഒരു കാരണവശാലും നീട്ടി അനുവദിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ, രണ്ട് മാസത്തേക്ക് കൂടി ലഭ്യമാക്കുന്നതിന് ജില്ലാകളക്ടർമാർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ വി
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.

കമ്മീഷണർ, ദുരന്ത നിവാരണം.
എല്ലാ ജില്ലാകളക്ടർമാർക്കും.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 26-07-2024 10:40:18**

സെക്ഷൻ ഓഫീസർ